**ഭൂജലവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കേരള സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടറുടെ കാര്യാലയം,**

**ജലവിജ്ഞാനഭവൻ, അമ്പലമുക്ക്, കവടിയാർ. പി.ഒ., തിരുവനന്തപുരം.**

**(ഹാജർ : ശ്രീ. എസ്. വെങ്കടേസപതി, ഐ. എ.എസ്.)**

വിഷയം : ഭൂജലവകുപ്പ് – ഡയറക്ടേറ്റ് – വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് – അപ്പലേറ്റ് അതോറിറ്റി, സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസിറിനേയും നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ - റ്റി(1)/1888/2006/ഡി.ജി.ഡബ്ല്യൂ. തീയതി – 28.06.2021

---

പരാമർശം :- 1. 12.01.2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.
2. 29.09.2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.
3. ശ്രീ. എ. ജി. ഗോപകുമാർ, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ് ആന്റ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറുടെ 16.02.2021 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

മേൽ സൂചന (1) – ലെ ഉത്തരവ് പ്രകാരം ശ്രീ. എ. ജി. ഗോപകുമാർ, സീനിയർ ഹൈഡ്രോജിയോളജിസ്റ്റിനെ ഭൂജലവകുപ്പ് ഡയറക്ടേറ്റിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായും സൂചന (2) പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ (ജനറൽ) – നെ വിവരാവകാശ അപ്പീൽ അധികാരിയായി നിയമിച്ചുകൊണ്ടും ഉത്തരവായിരുന്നു.

ശ്രീ. എ. ജി. ഗോപകുമാർ, സീനിയർ ഹൈഡ്രോജിയോളജിസ്റ്റിന്, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റായി പ്രമോഷൻ ലഭിച്ചതിനാൽ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും വിവരാവകാശ അപ്പീൽ അധികാരിയും ഒരേ കേഡറിൽപ്പെട്ടവരായെന്നും ടി ഉത്തരവുകൾ പുന:പരിശോധിക്കണമെന്നും സൂചന (3) പ്രകാരം ശ്രീ. എ. ജി. ഗോപകുമാർ, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ് ആന്റ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഭൂജലവകുപ്പ് ഡയറക്ടേറ്റിലെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിന് താഴെ പറയുന്ന ഉദ്യോഗസ്ഥരെ അപ്പീൽ അധികാരിയായും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ

ഓഫീസറായും, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായും നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

വിവരാവകാശ അപ്പീൽ അധികാരി

- സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ് (ജനറൽ).

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

- എക്സിക്യൂട്ടീവ് എഞ്ചിനീയർ (ജനറൽ).

അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

- ഹൈഡ്രോജിയോളജിസ്റ്റ് (ജനറൽ).

ഒപ്പ്/-
ഡയറക്ടർ

പകർപ്പ് –

1. സി. എ. ടു ഡയറക്ടർ.
2. സി. എ. ടു സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ് (ജനറൽ).
3. സി. എ. ടു സൂപ്രണ്ടിംഗ് എഞ്ചിനീയർ (ജനറൽ).
4. ശ്രീ. എ.ജി. ഗോപകുമാർ, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ് (എച്ച്. പി.).
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഭൂജലവകുപ്പ് ഡയറക്ടേറ്റ്.
6. സീനിയർ സൂപ്രണ്ട്, ഭൂജലവകുപ്പ് ഡയറക്ടേറ്റ്.
7. ശ്രീ. ബിജുകുമാർ. എൻ., ക്ലാർക്ക്, ഭൂജലവകുപ്പ് ഡയറക്ടേറ്റ്.
8. നോട്ടീസ് ബോർഡ്.
9. വെബ്സൈറ്റ്.
10. ഡോ. എൻ. സന്തോഷ്, ഹൈഡ്രോജിയോളജിസ്റ്റ് (ജനറൽ).
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ജനറൽ).
12. ഒ. സി.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

A(wh)-12.07.2021